**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 458** **30-01-2024 - ൽ മറുപടിയ്ക്ക്**

**ഔദ്യോഗിക വാഹനങ്ങളുടെ ദുരുപയോഗം തടയുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. ഷംസുദ്ദീൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സർക്കാരിന്റെ ഔദ്യോഗിക വാഹനങ്ങൾ വ്യാപകമായി ദുരുപയോഗം ചെയ്യപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ സർക്കാർ അധികാരമേറ്റ ശേഷം ഔദ്യോഗിക വാഹനങ്ങളുടെ ദുരുപയോഗം സംബന്ധിച്ച് എത്ര പരാതികൾ ലഭിച്ചുവെന്ന് വിശദമാക്കാമോ; | (എ) | സർക്കാരിന്റെ ഔദ്യോഗിക വാഹനങ്ങൾ വ്യാപകമായി ദുരുപയോഗം ചെയ്യപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഈ സർക്കാർ അധികാരമേറ്റശേഷം ഔദ്യോഗിക വാഹനങ്ങളുടെ ദുരുപയോഗം സംബന്ധിച്ച് 87 പരാതികൾ ലഭിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പരാതികളിൽ എത്ര എണ്ണത്തിൽ പരിശോധന നടത്തിയെന്നും ആയതിൽ എത്ര ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ; പിഴ ഇനത്തിൽ എത്ര രൂപ സർക്കാർ ഖജനാവിലേക്ക് ലഭ്യമാക്കിയിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ; | (ബി) | സർക്കാരിന്റെ ഔദ്യോഗിക വാഹനങ്ങളുടെ ദുരുപയോഗവുമായി ബന്ധപ്പെട്ട് ലഭിച്ച 87 പരാതികളിൽ ഗുരുതരമായ ആരോപണം ഉന്നയിക്കപ്പെട്ടിട്ടുള്ള 33 എണ്ണത്തിൽ ധനകാര്യ പരിശോധന വിഭാഗം നേരിട്ട് പരിശോധന നടത്തിയിട്ടുണ്ട്. ശേഷിച്ച പരാതികൾ ഔദ്യോഗിക വാഹന ദുരുപയോഗവുമായി ബന്ധപ്പെട്ട് ധനകാര്യ പരിശോധനാ വിഭാഗം പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളുടേയും സർക്കുലറുകളുടേയും അടിസ്ഥാനത്തിൽ തുടർ നടപടി സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട ഭരണ വകുപ്പുകൾക്ക് കൈമാറിയിട്ടുണ്ട്. ധനകാര്യ പരിശോധനാ വിഭാഗം പരിശോധന നടത്തിയതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ റിപ്പോർട്ടുകൾ തുടർനടപടി സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട ഭരണ വകുപ്പുകൾക്ക് നൽകിയിട്ടുണ്ട്. ധനകാര്യ പരിശോധനാ റിപ്പോർട്ടുകളിലെ ശിപാർശകളുടെ അടിസ്ഥാനത്തിൽ ഉദ്യോഗസ്ഥരിൽ നിന്നും പിഴ ഈടാക്കുന്നതുൾപ്പെടെയുള്ള നടപടികൾ ബന്ധപ്പെട്ട ഭരണ വകുപ്പുകളാണ് സ്വീകരിക്കുന്നത്. |
| (സി) | ഔദ്യോഗിക വാഹനം ദുരുപയോഗം സംബന്ധിച്ച നിലവിലുള്ള ചട്ടപ്രകാരം തുച്ഛമായ പിഴ മാത്രമേ ഈടാക്കാൻ കഴിയൂ എന്ന പരിമിതി മറികടക്കാൻ ചട്ടത്തിൽ ആവശ്യമായ ഭേദഗതി വരുത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (സി) | ഔദ്യോഗിക വാഹനങ്ങളുടെ ഉപയോഗം സംബന്ധിച്ച നിലവിലെ ഉത്തരവുകൾ /സർക്കുലറുകൾ എന്നിവയിലെ നിർദ്ദേശങ്ങൾ പരിശോധിച്ച് ആവശ്യമായ ഭേദഗതി വരുത്തി സമഗ്രമായ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതിന് ധനകാര്യ വകുപ്പിൽ നടപടി സ്വീകരിച്ചുവരുന്നു. |

| | | | |
|---|---|---|---|
| (ഡി) | ഗതാഗത ചട്ട ലംഘനങ്ങൾ അറിയിക്കാനുള്ള സംവിധാനത്തിന്റെ മാതൃകയിൽ പൊതുജനങ്ങൾക്ക് ഔദ്യോഗിക വാഹനങ്ങളുടെ ദുരുപയോഗം സർക്കാരിന്റെ ശ്രദ്ധയിൽക്കൊണ്ടു വരുന്നതിനുള്ള ഒരു സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ? | (ഡി) | ഔദ്യോഗിക വാഹനങ്ങളുടെ ദുരുപയോഗം ശ്രദ്ധയിൽപ്പെട്ടാൽ അതു സംബന്ധിച്ച് പൊതുജനങ്ങൾക്ക് ധനകാര്യ പരിശോധന (നോൺ -ടെക്നിക്കൽ) വിഭാഗത്തിനോ അതിന് കീഴിൽ ജില്ലാ കളക്ടറേറ്റുകളിൽ പ്രവർത്തിക്കുന്ന ധനകാര്യ പരിശോധനാ സ്ക്വാഡുകൾക്കോ രേഖാമൂലം പരാതികൾ നൽകുന്നതിനുള്ള സംവിധാനം നിലവിലുണ്ട്. |

സെക്ഷൻ ഓഫീസർ